2023
DECEMBER
18
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സോസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## വ്യോമകവച മിസൈൽ പരീക്ഷണം വിജയം

ന്യൂഡൽഹി: ആകാശത്തിലെ 4 ലക്ഷ്യങ്ങളെ ഒരേസമയം തകർത്ത് ഇന്ത്യയുടെ ആകാശ് മിസൈൽ സംവിധാനം മികവു തെളിയിച്ചു. വ്യോമസേന നടത്തിയ പരീക്ഷണത്തിൽ 25 കിലോമീറ്റർ അകലെയുള്ള ലക്ഷ്യങ്ങളാണു മിസൈലുകൾ തകർത്തത്. ലോകത്ത് ആദ്യമായാണ് ഈ ദൂരപരിധിയിലുള്ള ഇത്രയുമധികം ലക്ഷ്യങ്ങളെ ഒരു യൂണിറ്റിൽ നിന്ന് ഒന്നിച്ചു തൊടുത്ത മിസൈലുകൾ തകർക്കുന്നത്.

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സമർ വ്യോമകവച മിസൈൽ സംവിധാനവും വ്യോമസേന വിജയകരമായി പരീക്ഷിച്ചു. ശത്രുസേനയുടെ മിസൈലുകൾ, യുദ്ധവിമാനങ്ങൾ എന്നിവയെ തകർക്കാൻ കെൽപുള്ള മിസൈൽ സംവിധാനം വ്യോമസേനയുടെ മെയ്ന്റനൻസ് കമാൻഡിനു കീഴിലുള്ള യൂണിറ്റ് ആണു വികസിപ്പിച്ചത്. ഒരേസമയം2 മിസൈലുകൾ തൊടുക്കാൻ കഴിയും. ശബ്ദത്തെക്കാൾ രണ്ടര ഇരട്ടി വേഗത്തിൽ കുതിക്കുന്ന മിസൈലുകളാണിവ.

## തമിഴ്നാട്ടിലെ തെക്കൻ ജില്ലകളിൽ കനത്തമഴ
## താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിൽ

**ചെന്നൈ:** തമിഴ്നാട്ടിലെ തെക്കൻ ജില്ലകളിൽ കനത്ത മഴ തുടരുന്നു. തൂത്തുക്കുടി, തിരുനെൽവേലി, തെങ്കാശി, കന്യാകുമാരി, രാമനാഥപുരം എന്നീ ജില്ലകളിലാണ് ശക്തമായ മഴ പെയ്യുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ ഉൾപ്പെടെ വെള്ളം കയറിയതോടെ നാല് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു. തിരുനെൽവേലി, കന്യാകുമാരി, തൂത്തുക്കുടി, തെങ്കാശി എന്നീ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി.



വെള്ളം കയറിയ താഴ്ന്ന മേഖലയിലുള്ളവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുനെൽവേലി, കന്യാകുമാരി, തൂത്തുക്കൂടി ജില്ലകളിൽ രാവിലെ തുടങ്ങിയ കനത്ത മഴ വൈകുന്നേരമായിട്ടും രൂക്ഷമായി തുടരുകയാണ്. തിരുനെൽവേലിയിലെ സർക്കാർ മെഡിക്കൽ കോളജിലും പഴയ ബസ്സ്റ്റാൻഡിലും നഗരത്തിലെ പലവീടുകളിലും വെള്ളം കയറി. മണി മുത്താറും താമരഭരണി നദിയും കരകവിഞ്ഞൊഴുകുകയാണ്. പാപനാശം ഡാം തുറന്നതിനാൽ തിരുനെൽവേലി ജില്ലയിൽ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. തിരുനെൽവേലിയിലും കന്യാകുമാരിയിലും പല സ്കൂളുകളിലും ദുരിതാശ്വാസ ക്യാംപുകൾ തുറന്നു. ചൊവ്വാഴ്ച രാവിലെ വരെ ശക്തമായ മഴ തുടരുമെന്നാണ് മുന്നറിയിപ്പ്.

## യുഎൻ രക്ഷാസമിതി പഴയ ക്ലബ് പോലെ: ജയശങ്കർ

**ബെംഗളൂരു:** ഐക്യരാഷ്ട്ര സംഘടനയുടെ രക്ഷാസമിതി പഴയ ക്ലബ് പോലെയായെന്നും പുതിയ രാജ്യങ്ങൾക്ക് സ്ഥിരാംഗത്വം നൽകാൻ തയാറാകുന്നില്ലെന്നും വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ. പഴയ അംഗങ്ങൾ ക്ലബിന്റെ നിയന്ത്രണം കൈയടക്കിവച്ചിരിക്കുകയാണെന്നും അവരുടെ പ്രവൃത്തികളെ ചോദ്യം ചെയ്യപ്പെടാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നതെന്നും ജയശങ്കർ ബെംഗളൂരുവിൽ പൊതുപരിപാടിയിൽ പറഞ്ഞു. ഒരുതരത്തിൽ ഇതൊരു പരാജയമാണ്. ലോകത്തെയാകെ ബാധിക്കുന്ന പല പ്രശ്നങ്ങളിലും ഇന്ന് യുഎന്നിന് ഫലപ്രദമായി ഇടപെടാനാകുന്നില്ല. ഇസ്രയേൽ ഹമാസ് യുദ്ധത്തിലും വേണ്ട രീതിയിൽ ഇടപെടാനായില്ല. ഇതിൽ മാറ്റം വരേണ്ടിയിരിക്കുന്നു. ലോകത്തെ 200 രാജ്യങ്ങളോട് ചോദിച്ചാൽ മഹാഭൂരിപക്ഷവും യുഎന്നിൽ പരിഷ്കരണം വേണമെന്ന അഭിപ്രായക്കാരായിരിക്കും. ജയശങ്കർ പറഞ്ഞു.

## ബഹിരാകാശ ഗവേഷണത്തിന് എഐ; നടപടികളുമായി ഐഎസ്ആർഒ

**തിരുവനന്തപുരം:** ബഹിരാകാശ ഗവേഷണ മേഖലയിൽ നിർമിതബുദ്ധി അധിഷ്ഠിത ഗവേഷണങ്ങൾക്കായി ഐ എസ് ആർഒയുടെ കീഴിൽ പ്രത്യേക പരീക്ഷണ ശാലകൾ നിർമിക്കാനൊരുങ്ങുന്നു. ശാസ്ത്രജ്ഞർക്ക് ഈ മേഖലയിൽ ശിൽപശാലകളും സെമിനാറുകളും ക്ലാസുകളും നൽകിത്തുടങ്ങി. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്ന ഗഗൻയാൻ ദൗത്യത്തിനു മുന്നോടിയായുള്ള ജിഎക്സ് പരീക്ഷണ ദൗത്യത്തിലെ യന്ത്രവനിത വ്യോമമിത്ര എഐ സാങ്കേതികവിദ്യയിലാണ് പ്രവർത്തിക്കുക. മനുഷ്യനെപ്പോലെ ചിന്തിച്ച് തീരുമാനങ്ങളെടുക്കാനും പ്രാദേശിക ഭാഷകളുൾപ്പെടെ മനസ്സിലാക്കാനും വ്യോമമിത്രയ്ക്കു കഴിയും.റോക്കറ്റ്, സ്പേസ് ക്രാഫ്റ്റ് എന്നിവയുടെ സഞ്ചാരപഥം നിർണയിക്കൽ, സ്വയംനിയന്ത്രണം, റോക്കറ്റിന്റെയും ഉപഗ്രഹങ്ങളുടെയും സ്ഥിരത പരിശോധന, റിസോഴ്സ് മാപ്പിങ്, കാലാവസ്ഥ പ്രകൃതിദുരന്ത പ്രവചനം, ബഹിരാകാശ ഗവേഷണത്തിനാവശ്യമായ റോബട്ടിക് സാങ്കേതികവിദ്യ തുടങ്ങി വിവിധ മേഖലകളിലാണ് ഗവേഷണം മുന്നേറുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്.

## ഗാസയിൽ ഹമാസ് ഭീകരർ നിർമിച്ച ഭൂഗർഭ തുരങ്കം കണ്ടെത്തി ഇസ്രയേൽ

**എരേസ് (പലസ്തീൻ):** ഗാസയിൽ ഹമാസ് ഭീകരർ നിർമിച്ച വലിയ ഭൂഗർഭ തുരങ്കം കണ്ടെത്തിയെന്നറിയിച്ച് ഇസ്രയേൽ സൈന്യം. സുപ്രധാന അതിർത്തി പ്രദേശമായ എരേസിലാണ് തുരങ്കം കണ്ടെത്തിയിരിക്കുന്നത്. നാലു കിലോമീറ്റർ ദൂരമുള്ള തുരങ്കമാണിത്.



ഇതിലൂടെ ചെറുവാഹനങ്ങൾക്ക് യാത്ര ചെയ്യാൻ സാധിക്കുന്ന വിധമാണ് രൂപകൽപനയെന്നും റിപ്പോർട്ട് വന്നിരുന്നു. എരേസ് അതിർത്തിയിൽ നിന്നും വെറും 400 മീറ്റർ ദൂരത്താണ് തുരങ്കം കണ്ടെത്തിയിരിക്കുന്നത്.

ദീർഘകാലത്തെ പരിശ്രമവും ഒരുപാട് പണവും ഉണ്ടെങ്കിൽ മാത്രമേ ഇത്തരത്തിലൊരു തുരങ്കം ഉണ്ടാക്കാൻ സാധിക്കൂവെന്ന് ഇസ്രയേലി സൈന്യം വ്യക്തമാക്കുന്നു.

വൈദ്യുതി ബന്ധം, മലിന ജലം ഒഴുകി പോകാനുള്ള സംവിധാനം, വെൻറിലേഷൻ, ട്രോളി മോഡലിലുള്ള വാഹനങ്ങൾ കൊണ്ടു പോകാൻ സഹായിക്കുന്ന റെയിലുകൾ എല്ലാം തന്നെ ഈ തുരങ്കത്തിൽ സജീകരിച്ചിരുന്നതായും റിപ്പോർട്ടുകളിലുണ്ട്.

തുരങ്കത്തിൻറെ നിർമാണ സമയത്തേത് എന്ന് കരുതുന്ന ദൃശ്യങ്ങൾ ഇസ്രയേലി ഇൻറലിജൻസ് ഇതിനോടകം കണ്ടെടുത്തിട്ടുണ്ട്. ഇതും നിലവിലുള്ള ദൃശ്യങ്ങളും സമൂഹ മാധ്യമ പ്ലാറ്റ്ഫോമായ എക്സിലും പങ്കുവെച്ചിട്ടുണ്ട്. വീഡിയോ വന്ന് മണിക്കൂറുകൾക്കകം നാൽപത് ലക്ഷത്തിലധികം പേരാണ് ഇത് കണ്ടത്.






# യുഎഇയെ സുസ്ഥിര സ്വർണത്തിനും ബുള്ളിയൻ വിപണിക്കും വേണ്ടിയുള്ള ആഗോള കേന്ദ്രമായി ഉയർത്തും

**ദുബായ്:** സുസ്ഥിര സ്വർണ, ബുള്ളിയൻ വിപണികളുടെ ആഗോള കേന്ദ്രമായി യുഎഇ മാറി. ആഗോള ഗോൾഡ് കൺവൻഷൻ അഞ്ചാം എഡിഷൻ ദുബായ് ബുർജ് ഖലീഫയിലെ അർമാനി ഹോട്ടലിലാണ് നടന്നത്.ലോകത്തിലെ ഏറ്റവും വലിയ ഹൈബ്രിഡ് കോൺഫറൻസായി രൂപകൽപ്പന ചെയ്ത കൺവെൻഷനിൽ നൂറിലധികം രാജ്യങ്ങൾ, മന്ത്രിമാർ, നയതന്ത്രജ്ഞർ, റെഗുലേറ്റർമാർ, വ്യവസായ പ്രമുഖർ, ഖനികൾ, റിഫൈനറികൾ, ജ്വല്ലറികൾ, വ്യാപാരികൾ, ഇറക്കുമതി കയറ്റുമതി കമ്പനികൾ, ബാങ്കിംഗ്, ഇൻഷുറൻസ്, ലോജിസ്റ്റിക്സ് കമ്പനികൾ എന്നിവർ പങ്കെടുത്തു. ഇതോടെ ഈ മേഖലയിലെ സഹകരണങ്ങൾ, ബിസിനസ് പ്രമോഷൻ, വിപുലീകരണം, വൈവിധ്യവൽക്കരണം എന്നിവയ്ക്ക് വഴിയൊരുങ്ങി

200ലധികം വ്യാപാര പ്രതിനിധികളും സന്ദർശകരും 100 രാജ്യങ്ങളിൽ നിന്നുള്ള വെർചൽ പങ്കാളിത്തത്തിന് പുറമെ ഗോൾഡ് കോൺഫറൻസിൽ പങ്കെടുത്തു. യുഎഇ ആസ്ഥാനമായുള്ള ഐബിഎംസി ഇന്റർനാഷണലാണ് ഗ്ലോബൽ ഗോൾഡ് കൺവെൻഷൻ സംഘടിപ്പിച്ചത്.ദുബായ് ഇന്റർനാഷണൽ ചേംബർ ഓഫ് കൊമേഴ്സ് ചെയർമാനും യു എ ഇ ചേംബേഴ്സ് സെക്രട്ടറി ജനറലുമായ ഹുമൈദ് ബെൻ സേലം ഉദ്ഘാടനം ചെയ്തു. ആഗോള സ്വർണ വിലയിലെ ഉയർന്ന ചാഞ്ചാട്ടത്തിന്റെയും യുഎഇ ഏറ്റവും ആകർഷകവും ഏറ്റവും ഇഷ്ടപ്പെട്ടതുമായ ആഗോള സ്വർണ്ണ വ്യാപാര കേന്ദ്രമായി മാറുന്നതിന്റെയും പശ്ചാത്തലത്തിലാണ് കൺവെൻഷൻ നടന്നത്.

സുസ്ഥിരതയെക്കുറിച്ചുള്ള സിഒപി 28 കോൺഫറൻസിന് യുഎഇ ആതിഥേയത്വം വഹിക്കുന്നതിനോട് ചേർന്നാണ് സുസ്ഥിരത എന്ന തീം തിരഞ്ഞെടുത്തിരിക്കുന്നതെന്ന് ഐബിഎംസി ഇന്റർനാഷണൽ ഗ്രൂപ്പിന്റെ ഗ്രൂപ്പ് സിഇഒയും മാനേജിംഗ് ഡയറക്ടറുമായ സജിത്ത് കുമാർ പികെ പറഞ്ഞു. സുസ്ഥിര സ്വർണ്ണം, ബുള്ളിയൻ വിപണികളുടെ ആഗോള കേന്ദ്രമായി യുഎഇ ഉയർന്നുവരുകയാണെന്നും ഐബിഎംസിയുടെ ഇൻഡസ്ട്രീസ് ഇന്റഗ്രേറ്റഡ് ഇന്റർനാഷണൽ ട്രേഡ് ഫ്ലോ സിസ്റ്റംസ്വർണ്ണ വ്യവസായത്തിലെ മുഴുവൻ ഓഹരി ഉടമകളെയും സ്വർണ്ണ ഖനനം, കയറ്റുമതി, ഇറക്കുമതി എന്നിവയിൽ പിന്തുണയ്ക്കാൻ സജ്ജമാണെന്നും സജിത് കുമാർ പറഞ്ഞു.

കൺവെൻഷനിൽ പങ്കെടുത്തവർക്ക് സ്വർണ്ണ വ്യാപാരത്തിന്റെയും ബിസിനസ്സിന്റെയും മുഴുവൻ ശ്രേണിയും പ്രദർശിപ്പിക്കുന്നതിനും നെറ്റ്‌വർക്കിംഗ്, ഇന്ററാക്ടീവ് സെഷനുകൾ, വ്യവസായ കേന്ദ്രീകൃത പാനൽ ചർച്ചകൾ എന്നിവയിലൂടെ നിക്ഷേപ സാധ്യതകളും പങ്കാളിത്ത സാധ്യതകളും ഉപയോഗപ്പെടുത്തുന്നതിനുള്ള സമഗ്രമായ പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്തു.

# നാഗേഷ് ട്രോഫി ക്രിക്കറ്റ് മത്സരങ്ങൾ ഇന്നു മുതൽ

**കൊച്ചി:** കാഴ്ച്ചപരിമിതരുടെ അന്തർ സംസ്ഥാന ക്രിക്കറ്റ് ടൂർണ്ണമെന്റായ നാഗേഷ് ട്രോഫിയുടെ കേരളം ഉൾപ്പെടുന്ന ഗ്രൂപ്പ് സി മത്സരങ്ങൾ തിങ്കളാഴ്ച്ച കൊച്ചിയിൽ ആരംഭിക്കും. ടൂർണമെന്റിന്റെ ഉദ്ഘാടനം തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിൽ ഇന്ത്യൻ വനിതാ ടീമംഗമായ മിന്നുമണി നിർവ്വഹിച്ചു. ഈ മാസം 22 വരെയാണ് മത്സരങ്ങൾ. ടൂർണമെന്റിന്റെ ആറാം പതിപ്പായ ഇത്തവണ കേരളത്തിനു പുറമെ ബിഹാർ, ഝാർക്കണ്ഡ്, ഒഡിഷ, ഉത്തർപ്രദേശ് ടീമുകളാണ് സി ഗ്രൂപ്പ് മത്സരങ്ങളിൽ പങ്കെടുക്കുന്നത്.സംസ്ഥാനത്ത് നടക്കുന്ന ദേശീയ ടൂർണ്ണമെന്റിൽ മികച്ച പ്രകടനം കാഴ്ച്ചവെക്കാൻ കേരള ടീം ഒരുങ്ങിയതായി സിഎബികെ ചെയർമാൻ രജനീഷ് ഹെന്റി വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിനായി കഠിനമായ പരിശീലനമാണ് ടീം നടത്തിയിട്ടുള്ളത് . നാഗേഷ് ട്രോഫിയുടെ ഒരു ഗ്രൂപ്പിലെ എല്ലാ മത്സരങ്ങളും ഇതാദ്യമായാണ് കേരളത്തിൽ നടക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

ജനസൗഹൃദപര സ്ഥാപനം എന്ന നിലയ്ക്ക് ലക്ഷ്യവും മൂല്യങ്ങളും ഒന്നുചേർന്ന നാഴികകല്ലുകൾ താണ്ടാൻ സഹായകമായ ബന്ധമായാണ് സിഎബികെയുമായുള്ള കൂട്ടുകെട്ടിനെ കാണുന്നതെന്ന് ടൂർണ്ണമെന്റിന്റെ സ്പോൺസറായ നാ




വിയോ ഷിപ്പിങ് പ്രൈവറ്റ് ലിമിറ്റഡിന്റെ ചെയർമാൻ അജയ് തമ്പി പറഞ്ഞു. കാഴ്ചപരിമിതരുടെ ക്രിക്കറ്റ് പ്രോത്സാഹിപ്പിക്കുന്നതിന് നാവിയോ പ്രത്യേക താല്പര്യം എടക്കുന്നുണ്ട്. അവരുടെ ഉന്നമനത്തിലും വനിതാ പുരുഷ ടീമുകളുടെ ശാക്തീകരണത്തിലും നാവിയോ പ്രതിബദ്ധമാണ്. ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെ സന്തോഷവും ആഹ്ലാദവും ആണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.കേരളം ഇന്ന് ബീഹാറിനെയും 19ന് ഒഡീഷയെയും 20ന് ഉത്തർ പ്രദേശിനെയും 21ന് ഝാർഖണ്ഡിനെയും നേരിടും. അനന്തു ശശികുമാർ ക്യാപ്റ്റനും എൻ കെ വിഷ്ണു വൈസ് ക്യാപ്റ്റനുമായി 14 അംഗ ടീമാണ് കേരളത്തിന്റേത്. എം വേണുഗോപാൽ , എ വി ബിനീഷ്, ജിബിൻ പ്രകാശ്, കെ ബി സായന്ത്, എ മനീഷ്, സച്ചിൻ തുളസീധരൻ, എസ് ശൈലാജ്, സി കെ സദക്കത്തുൽ അൻവർ, എ മുഹമ്മദ് ഫർഹാൻ, മുഹമ്മദ് കമാൽ, കെ എം ജിനീഷ് എന്നിവരാണ് ടീമിലെ മറ്റംഗങ്ങൾ.കെ ശിവകുമാർ, ഇ ബി ഇസ്മായിൽ, ഷാഹുൽ ഹമീദ്, കെ അബ്ദുൾ മുനാസ്, കെ പി അബ്ദുൽ റഹ്മാൻ എന്നിവർ റിസർവ് താരങ്ങളായി ടീമിലുണ്ട്. പോണ്ടിച്ചേരിയിലും കേരളത്തിലുമായാണ് രണ്ട് മാസത്തെ സെലക്ഷൻ ട്രയൽസ് നടന്നത്. മൊത്തം 28 ടീമുകൾ മത്സരിക്കുന്ന ടൂർണമെന്റിന്റെ ഗ്രൂപ്പ് മത്സരങ്ങൾ ആറു വേദികളിലായാണ് നടക്കുന്നത്. കൊച്ചിക്കു പുറമെ ജമ്മു, ഡെറാഡൂൺ, ചണ്ടിഗഢ്, കോട്ട, അഗർത്തല എന്നിവയാണ് മറ്റു വേദികൾ. സൂപ്പർ 8 മത്സരങ്ങൾ ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ നാഗ്പൂരിൽ നടക്കും. വാർത്താസമ്മേളനത്തിൽ കേരള ക്യാപ്റ്റൻ അനന്തു ശശികുമാറും പങ്കെടുത്തു.കേരള ടീമിനു പ്രചോദനം പകരാൻ മ്യൂസിക് ഡയറക്ടറും നടനുമായ മുൻ ബ്ലൈൻഡ് ക്രിക്കറ്റ് താരം രാഹുൽ രാജ് രചിച്ച് സംഗീതം പകർന്ന ഗാനം വാർത്താസമ്മേളനത്തിൽ പുറത്തിറക്കി.

# ഏതർ എനർജി ഏതർ ഇലക്ട്രിക് ഡിസംബർ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് സ്കൂട്ടർ നിർമ്മാതാക്കളിലൊന്നായ ഏഥർ എനർജി, തങ്ങളുടെ ഉപഭോക്താക്കൾക്ക് ലാഭകരമായ ക്യാഷ് ആനുകൂല്യങ്ങളും ഇ.എം.ഐ. പലിശ ലാഭവും സൗജന്യ വിപുലീകൃത വാറൻറിയും വാഗ്ദാനം ചെയ്യുന്ന ഏറ്റവും പുതിയ സംരംഭമായ ഏഥർ ഇലക്ട്രിക് ഡിസംബർ പ്രഖ്യാപിച്ചു. പ്രോഗ്രാം ലക്ഷ്യമിടുന്നത് മൂല്യവർധിത സേവനങ്ങളോടെ വൈദ്യുത വാഹന പ്രേമികൾക്ക് തടസ്സമില്ലാത്തതും ആയാസരഹിതവുമായ പരിവർത്തന അനുഭവം പ്രദാനം ചെയ്യുന്നതിനും രാജ്യത്ത് വൈദ്യുത വാഹനങ്ങളിലേക്കുള്ള മാറ്റം ത്വരിതപ്പെടുത്തുന്നതിനുമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# കളക്ടറേറ്റിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഡെമോൺസ്ട്രേഷൻ സെന്റർ ആരംഭിച്ചു

**കൊച്ചി:** 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിനോടു അനുബന്ധിച്ച് കാക്കനാട് കളക്ടറേറ്റിൽ ആരംഭിച്ച ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം (ഇ.വി.എം) ഡെമോൺസ്ട്രേഷൻ സെന്റർ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു.

എല്ലാ ജില്ലകളിലും ഇ.വി.എം ഡെമോൺസ്ട്രേഷൻ സെന്ററുകൾ തുടങ്ങാനുള്ള ചീഫ് ഇലക്ടറൽ ഓഫീസറുടെ ഉത്തരവ് പ്രകാരം ആരംഭിച്ച സെന്ററിൽ കൺട്രോൾ യൂണിറ്റ്, ബാലറ്റ് യൂണിറ്റ്, വിവിപാറ്റ് എന്നിവ ഒരുക്കിയിട്ടുണ്ട്. ജില്ലാ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകൾ, റിട്ടേണിംഗ് ഓഫീസറുടെ ഹെഡ് ക്വാർട്ടേഴ്സ് എന്നിവിടങ്ങളിലാണ് ഇ.വി.എം ഡെമോൺസ്ട്രേഷൻ സെന്ററുകൾ പ്രവർത്തിക്കുക. പൊതുജനങ്ങൾക്ക് ഇവിടെ വന്ന് വോട്ടിംഗ് രീതിയുടെ മാതൃക മനസ്സിലാക്കാം.

ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്.ബിന്ദു, കളമശ്ശേരി റിട്ടേണിംഗ് ഓഫീസർ സഹീർ എന്നിവർ പങ്കെടുത്തു.

# ന്യൂനപക്ഷ കമ്മീഷന്റെ എറണാകുളം സിറ്റിങ്ങ് 20ന്

**കൊച്ചി:** കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഡിസംബർ 20 ന് രാവിലെ 11 ന് കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ്ങ് നടത്തും. ഈ സിറ്റിങ്ങിൽ എറണാകുളം ജില്ലയിൽ നിന്നുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# പോലീസിൽ കൗൺസലർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ 20 പോലീസ് ജില്ലകളിലും തിരുവനന്തപുരത്തെ സംസ്ഥാന വനിതാസെല്ലിലും 42 വനിതാ കൗൺസലർമാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ജനുവരി മുതൽ മൂന്നുമാസത്തേയ്ക്കാണ് നിയമനം. എം.എസ്.ഡബ്ല്യു, സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം, കൗൺസലിംഗ്, സൈക്കോതെറാപ്പി എന്നിവയിൽ പി.ജി.ഡിപ്ലോമ എന്നിവയിൽ ഒരു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. 20നും 50 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. ബയോഡേറ്റ സഹിതമുള്ള അപേക്ഷ ഡിസംബർ 22ന് മുൻപ് അതത് ജില്ലാ പോലീസ് മേധാവിമാർക്ക് നൽകണം. സംസ്ഥാന വനിതാസെല്ലിലെ നിയമനത്തിന് അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ, സ്റ്റേറ്റ് വിമൻ ആന്റ് ചിൽഡ്രൻ സെൽ, കണ്ണേറ്റുമുക്ക്, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിലാണ് അപേക്ഷിക്കേണ്ടത്. ഫോൺ: 0471 2338100. ഇമെയിൽ: spwomen.pol@kerala.gov.in.

# ഡിപ്ലോമ ഇൻ അപ്ലൈഡ് കൗൺസലിംഗ് പ്രോഗ്രാമിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂ ണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ അപ്ലൈഡ് കൗൺസലിംഗ് കോഴ്സിന് ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ചു.

ബിരുദം ആണ് യോഗ്യത. വിദൂരവിദ്യാഭ്യാസ രീതിയിൽ നടത്തുന്ന കോഴ്സിന് ഒരു വർഷമാണ് കാലാവധി. സ്വയംപഠന സാമഗ്രികൾ, സമ്പർക്ക ക്ലാസ്സുകൾ, പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ കോഴ്സിൽ ചേരുന്നവർക്ക് ലഭിക്കും. കോഴ്സ് സംബന്ധിച്ച വിശദാംശങ്ങൾ wwws.rccc.in വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. ജില്ലയിലെ പഠനകേന്ദ്രം, മാർത്തോമ കോളേജ് ഓഫ് കൗൺസലിംഗ്, വൈറ്റില, എറണാകുളം682019. ഫോൺ 0484 2102095, 8891173041, 9074227245.




ചേരാനെല്ലൂർ ഇടയക്കുന്നം കപ്പേള ജംഗ്ഷനിലെ വ്യാപാര സ്ഥാപനങ്ങൾക്കു നേരെ ആക്രമണം നടത്തിയ അക്രമിയെ ഉടൻ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ മാർച്ചും സമ്മേളനവും ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു

### ചേരാനെല്ലൂരിലെ വ്യാപാര സ്ഥാപന ആക്രമണം

# അക്രമിയെ പിടികൂടിയില്ലെങ്കിൽ പ്രക്ഷോഭം : കെ.വി.വി.ഇ.എസ്

**കൊച്ചി:** ചേരാനെല്ലൂർ ഇടയക്കുന്നം കപ്പേള ജംഗ്ഷനിലെ വ്യാപാര സ്ഥാപനങ്ങൾക്കു നേരെ ആക്രമണം നടത്തുകയും ഉടമസ്ഥ ഹസീന ബഷീറിനെതിരെ വധശ്രമം നടത്തുകയും ചെയ്ത ആക്രമിയെ ഉടൻ അറസ്റ്റു ചെയ്യണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി. ആക്രമണത്തിൽ പ്രതിഷേധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ ചേരാനെല്ലൂർ ഇടയക്കുന്നം കപ്പേള ജംഗ്ഷനിൽ പ്രതിഷേധ മാർച്ചും സമ്മേളനവും നടത്തി.

ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. കുറ്റവാളിക്കെതിരെ കാപ്പചുമത്തി നാടുകടത്തണമെന്നും കർശന നടപടിയുണ്ടായില്ലെങ്കിൽ പോലീസ് സ്റ്റേഷൻ മാർച്ചടക്കം ശക്തമായ പ്രക്ഷോഭവുമായി ഏകോപന സമിതി രംഗത്തിറങ്ങുമെന്ന് പി.സി ജേക്കബ്ബ് മുന്നറിയിപ്പു നൽകി. ഏകോപന സമിതി ചേരാനെല്ലൂർ യൂണിറ്റ് പ്രസിഡന്റ് കെ.എസ് അബ്ദുൾ ഷുക്കൂർ അധ്യക്ഷത വഹിച്ചു.

ടി.ജെ വിനോദ് എം.എൽ.എ, ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് എ.ജെ.റിയാസ്, ചേരാനെല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, വനിതാ വിംഗ് സംസ്ഥാന പ്രസിഡണ്ട് സുബൈദ നാസർ, ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം സി പോൾസൻ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ. എസ്. നിഷാദ്, സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, വ്യാപാരി വ്യവസായി സമിതി സംസ്ഥാന കമ്മിറ്റി അംഗം എ.കെ ആസാദ്, ഏകോപന സമിതി നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, അബ്ദുൾ റസാഖ്,വനിതാ വിംഗ് നിയോജകമണ്ഡലം പ്രസിഡണ്ട് ജയ പീറ്റർ, ഷാജഹാൻ അബ്ദുൽ ഖാദർ,കെ.കെ.ആസാദ്, പി. ജെ ജോർജ്,പി.പി.സണ്ണി, അബ്ദുൾ ലത്തീഫ്, അജ്മൽ കാമ്പായി, സി കെ നവാസ് തുടങ്ങിയവർ സംസാരിച്ചു.

# കവർ ആന്റ് കെയർ പദ്ധതിയ്ക്ക് തുടക്കം

**കൊച്ചി:** പട്ടിക വർഗ്ഗ ഊരുകളിൽ കൂടുതൽ വരുമാനം ഉറപ്പാക്കുന്ന തൊഴിൽ അവസരങ്ങൾ ഒരുക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. കുട്ടമ്പുഴ അഞ്ചുകുടി കമ്മ്യൂണിറ്റി ഹാളിൽ പട്ടിക വർഗ്ഗ ഊരുകളിലെ സ്ത്രീകൾക്കായി ആവിഷ്കരിച്ച കവർ ആന്റ് കെയർ പദ്ധതിയുടെയും മെഡിക്കൽ ക്യാമ്പിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏറെ അഭിമാനത്തോടെയാണ് ഈ പദ്ധതിയ്ക്ക് തുടക്കം കുറിക്കുന്നത്.

ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ കേരള സർക്കാർ ആയുഷ് ഹോമിയോപ്പതി വകുപ്പ് ജില്ലയിലെ പട്ടിക വർഗ്ഗ ഊരുകളിലെ സ്ത്രീകൾക്കായി ആരംഭിക്കുന്ന പദ്ധതിയാണ് കവർ ആന്റ് കെയർ. ഊരുകളിലെ വനിതകളുടെ സാമ്പത്തിക ഉന്നമനവും ആരോഗ്യ സംരക്ഷണവും ആണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജില്ലയിലെ സർക്കാർ ഹോമിയോപ്പതി സ്ഥാപനങ്ങൾക്കാവശ്യമായ പേപ്പർ കവർ ക്യാരി ബാഗ് നിർമ്മിച്ച് നൽകാൻ ആവശ്യമായ പരിശീലനവും സഹായവും തിരഞ്ഞെടുക്കപ്പെട്ട ഊരുകളിൽ ലഭ്യമാക്കും.

കവർ നിർമ്മിക്കുന്നതിനാവശ്യമായ മെഷിനുകൾ, അസംസ്കൃത വസ്തുക്കൾ, പരിശീലനം എന്നിവ സൗജന്യമായി നല്കുകയും ഇത്തരത്തിൽ ഊരുകളിൽ ഉത്പാദിപ്പിക്കുന്ന കവറുകൾ മാസംതോറും ശേഖരിക്കുന്ന ദിവസം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഊരിലെ ആരോഗ്യ സംരക്ഷണം കൂടി ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ പ്രവർത്തനരീതി.

ആദ്യഘട്ടം എന്ന നിലയിലാണ് അഞ്ചുകുടിയിൽ നിലവിൽ പദ്ധതി ആരംഭിക്കുന്നത്. ഈ സംരംഭം വികസിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ പിന്തുണയും ജില്ലാ പഞ്ചായത്ത് നൽകും. കവറുകളിൽ പ്രിന്റിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങളും ഭാവിയിൽ ലഭ്യമാക്കും. ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിന് ആവശ്യമായ മാതൃകാപരമായ പല പദ്ധതികളും ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇനിയും ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയാൽ ക്രിയാത്മകമായ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുമെന്നും അദ്ദേഹം പറഞ്ഞു. കവർ ആന്റ് കെയർ പദ്ധതിക്ക് വേണ്ടി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട അഞ്ചുകുടി ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടന പ്രഖ്യാപനവും അദ്ദേഹം നടത്തി.

പദ്ധതിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിരുന്നു. ഉദ്ഘാടന ചടങ്ങിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കാന്തി വെള്ളക്കയ്യൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് ആരോഗ്യ കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ എം.ജെ ജോമി, വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി അധ്യക്ഷ റാണിക്കുട്ടി ജോർജ്ജ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ.കെ.ദാനി, ലിസി അലക്സ്, ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ കെ.എ സിബി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. മേഴ്സി ഗോൺസാൽവസ്, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ലീന റാണി, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീജ ബിജു, സൽമ പരിത്, ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ ജോബി തോമസ്, കവർ ആന്റ് കെയർ പദ്ധതി നോഡൽ ഒഫീസർ ഡോ. കെ.ആർ പ്രദീപ്, മെഡിക്കൽ ഓഫീസർമാരായ ഡോ. ജൂബി കുര്യാക്കോസ് ഡോ. എ.നസീബ, ഊര് മൂപ്പൻമാരായ മൈക്കിൾ, കെ.വി രാഘവൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# വികസിത് ഭാരത് സങ്കൽപ്പ് യാത്ര തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം പഞ്ചായത്തിൽ

**തൃശ്ശൂർ:** തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്കിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന വികസിത് ഭാരത് സങ്കൽപ് യാത്രക്ക് ഇന്ന് രാവിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ ഉജ്ജ്വല സ്വീകരണം ലഭിച്ചു.

ആൽത്തറ കവലയിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത് പതിനാറാം വാർഡ് മെമ്പർ ഗോകുൽ അശോകൻ നിർവഹിച്ചു.

വിവിധ കേന്ദ്ര പദ്ധതികളിലെ കേന്ദ്ര പദ്ധതികളിൽ അംഗമായി വിജയകരമായ സംരംഭങ്ങൾ നടത്തുന്ന ഗുണഭോക്താക്കളെ ചടങ്ങിൽ ആദരിച്ചു. ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

പരിപാടിയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യം, കലാപരിപാടികൾ എന്നിവ ഒരുക്കിയിരുന്നു.

ബാങ്ക് ഓഫ് ബറോഡ ബ്രാഞ്ച് മാനേജർ എം.വി ബിനു അധ്യക്ഷത വഹിച്ച യോഗത്തിൽ, തൃശൂർ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം ഡയറക്ടർ കൃഷ്ണമോഹൻ, ലീഡ് ബാങ്ക് പ്രതിനിധി പ്രവീൺകുമാർ, ചാവക്കാട് ആഘആഉ കൺവീനർ ബിനു പി.എം , കൃഷി വിജ്ജാന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനീന, എഅഉറ പ്രതിനിധി മഞ്ജു, എഉക മാനേജർ സജിത്ത് കുമാർ , പോസ്റ്റൽ ഡിപ്പാർട്മെന്റ് പ്രതിനിധി രാജേഷ് എന്നിവർ സംസാരിച്ചു.

# ഓൺലൈനായി അപേക്ഷിക്കാം

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഗവൺമെന്റ് അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, സർട്ടിഫിക്കറ്റ് ഇൻ വേഡ് പ്രോസസിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഡേറ്റാ എൻട്രി ഓപ്പറേറ്റർ, സർട്ടിഫിക്കറ്റ് ഇൻ ഡെസ്ക് ടോപ്പ് പബ്ലിഷിംഗ്, സർട്ടിഫിക്കറ്റ് ഇൻ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നീ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം. ഡിപ്ലോമ പ്രോഗ്രാമിന് ആറുമാസവും, സർട്ടിഫിക്കറ്റ് കോഴ്സിന് മൂന്നു മാസവുമാണ് കാലാവധി. കോണ്ടാക്ട് ക്ലാസ്സുകളും പ്രോജക്ട് വർക്കും പഠന പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും. 18 വയസ്സിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ ഠഠഠ.ൃരരര.ശി വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. എറണാകുളം ജില്ലയിലെ പഠനകേന്ദ്രങ്ങൾ കൊച്ചിൻ സോഷ്യൽ സർവീസ് സൊസൈറ്റി, ജൂബിലി മെമ്മോറിയൽ കോംപ്ലക്സ്, കൊച്ചിൻ, ഫോൺ 04842227217, 2221342, ഐ എൽ സി സി കമ്പ്യൂട്ടർ എഡ്യൂക്കേഷൻ, കളമശേരി: ഫോൺ 9847006897, 0484 4872917. എം.ഇ എസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, നെട്ടൂർ: ഫോൺ 9447046811.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ആയുർവേദിക് പഞ്ചകർമ്മ അസിസ്റ്റൻസ് കോഴ്സിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. പന്ത്രണ്ടാം ക്ലാസാണ് യോഗ്യത. വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന കോഴ്സിന് ഒരു വർഷമാണ് കാലാവധി. സ്വയംപഠന സാമഗ്രികൾ, സമ്പർക്ക ക്ലാസ്സുകൾ, പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ കോഴ്സിൽ ചേരുന്നവർക്ക് ലഭിക്കും. https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും. വിശദവിവരങ്ങൾ ഠഠഠ.ൃരരര.ശി വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31. ജില്ലയിലെ പഠന കേന്ദ്രം മംഗലത്ത് ആശ്രാമം യോഗ വിദ്യാ ഗുരുകുലം, പ്രിയദർശിനി നഗർ, തേവര, എറണാകുളം,ഫോൺ 9633058727.

# ജലതരംഗം നീന്തൽ പരിശീലന പദ്ധതിക്ക് ജില്ലയിൽ തുടക്കം

**കൊച്ചി:** ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സംസ്ഥാന ദുരന്തനിവാരണ സമിതി മെമ്പർ സെക്രട്ടറി ശേഖർ എൽ. കുര്യാക്കോസ് പറഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്ന ജലതരംഗം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു കുര്യാക്കോസ് .

അവശ്യഘട്ടങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾക്ക് തയ്യാറാകാൻ കഴിയും വിധം ഓരോ വിദ്യാർത്ഥിയും മാറണമെന്നും കുര്യാക്കോസ് പറഞ്ഞു.

സ്കൂൾ വിദ്യാർത്ഥികളെ ശാരീരിക മാനസികാരോഗ്യം ഉള്ളവരാക്കുക, അപകടഘട്ടങ്ങളെ തരണം ചെയ്യുവാൻ പ്രാപ്തരാക്കുക, നിശ്ചയദാർഢ്യത്തോടെ പെരുമാറുവാൻ കഴിവുള്ളവരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ജലതരംഗം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് അവരുടെ സ്കൂളിന് സമീപത്തുള്ള നീന്തൽകുളങ്ങളിൽ എല്ലാ സുരക്ഷിതമാനദണ്ഡങ്ങളും പാലിച്ച് നീന്തൽ പരിശീലനം നൽകും. ആദ്യഘട്ടത്തിൽ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 52 സ്കൂളുകളിലെ എട്ടു മുതൽ 11 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

കാരിക്കോട് ഗവ. യു.പി. സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിച്ചു. ജില്ലയിലെ മൂന്ന് സ്കൂളുകളിൽ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന നീന്തൽകുളങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. അതിനായി ഓരോ സ്കൂളിനും 35 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ ജില്ലയിലെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും പദ്ധതിയിലൂടെ നീന്തൽ പരിശീലനം നൽകുമെന്നു ഉല്ലാസ് പറഞ്ഞു.

ജില്ലാ പഞ്ചായത്തവൈസ് പ്രസിഡന്റ് സനിത റഹീം, ജില്ലാ പഞ്ചായത്ത് അംഗം ലിസി അലക്സ്, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ബെന്നി, അസി. സ്റ്റേഷൻ ഫയർ ഓഫീസർ വി. പി. സുനിൽ വിവിധ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# വികസിത ഭാരതം കെട്ടിപ്പടുക്കാൻ യുവജനങ്ങൾ പരിശ്രമിക്കണം : കേന്ദ്രമന്ത്രി നിർമല സീതാരാമൻ

**കൊല്ലം:** വികസിത ഭാരതം 2047 ഓടെ കെട്ടിപ്പടുക്കുന്നതിന് യുവജനങ്ങൾ പരിശ്രമിക്കണമെന്ന് കേന്ദ്ര മന്ത്രി നിർമല സീതാരാമൻ. കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളജ് ബിഷപ് ജെറോം ഹാളിൽ നടന്ന ബിരുദദാന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അവർ. രാജ്യത്തെ വികസനം അടുത്ത ഘട്ടത്തിലേയ്ക്ക് കൊണ്ടുപോകാൻ യുവജനങ്ങൾ തയാറെടുത്തു കഴിഞ്ഞു എന്നും മന്ത്രി പറഞ്ഞു.

യുവാക്കൾ അവർക്ക് ഇന്ന് ലഭ്യമായ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും തങ്ങളുടെ അഭിരുചിയെ അടിസ്ഥാനമാക്കിയുള്ള നൈപുണ്യം നേടാൻ ശ്രമിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.വിവരങ്ങളുടെ കുത്തൊഴുക്കിൽ നിന്ന് വിശ്വസനീയവും യഥാർഥവുമായ വിവരങ്ങൾ മാത്രം വേർതിരിച്ചെടുത്തുകൊണ്ട് ഡിജിറ്റൽ വിപ്ലവത്തെ കൃത്യമായി ഉപയോഗപ്പെടുത്താൻ അവർ വിദ്യാർഥികളോട് ആവശ്യപ്പെട്ടു. സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുന്നവരായി മാറാനും മന്ത്രി വിദ്യാർഥികളോട് ആഹ്വാനം ചെയ്തു.വിദ്യാഭ്യാസം രാജ്യസ്നേഹവുമായി സംയോജിപ്പിക്കുന്നത് വഴി സമൂഹത്തിന് ഫലപ്രദമായ സംഭാവന നൽകുന്ന പ്രഗത്ഭരായ വിദ്യാർഥികളെ സൃഷ്ടിക്കാനാകും. ഓരോ വിദ്യാർഥിക്കും ഇന്നത്തെ ഇന്ത്യയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള കഴിവുണ്ട്. ബഹിരാകാശം, ആണവ മേഖല തുടങ്ങിയ മേഖലകൾ സ്വകാര്യ പങ്കാളിത്തത്തിൻറെ പ്രയോജനങ്ങൾ നേടിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന് കേരളം വലിയ സംഭാവന നൽകിയിട്ടുണ്ട്. കേരളത്തിൻറെ തീരദേശ മേഖലയിലും സുഗന്ധവ്യഞ്ജന മേഖലയിലും പൊതുജന ബോധവൽക്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് വലിയ സാധ്യതയുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

ഇന്ത്യയുടെ ഫിൻടെക് വ്യവസായത്തിൽ കേരളം ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും രാജ്യത്തെ വിജ്ഞാന കേന്ദ്രമായി മാറാനുള്ള നല്ല സാധ്യത കേരളത്തിനുണ്ടെന്നും നിർമല സീതാരാമൻ പറഞ്ഞു.മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും മെഡലുകളും മന്ത്രി സമ്മാനിച്ചു. ഫാത്തിമ മാതാ നാഷണൽ കോളജിലെ വിദ്യാർഥികളു മായി അവർ സംവദിക്കുകയും ചെയ്തു.

കൊല്ലം ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി അധ്യക്ഷത വഹിച്ചു.എൻ. കെ.പ്രേമചന്ദ്രൻ എംപി, ന്യൂഡൽഹിയിലെ കേരള സർക്കാരിൻറെ പ്രത്യേക പ്രതിനിധി പ്രഫ. കെ.വി. തോമസ്, കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ തുടങ്ങിയവർ പങ്കെടുത്തു.പരീക്ഷാ വിഭാഗം കൺട്രോളർ ക്രിസ്റ്റി ക്ലമൻറ് ബിരുദദാന പ്രഖ്യാപനവും കോളജ് മാനേജർ ഡോ. അഭിലാഷ് ഗ്രിഗറി അനുഗ്രഹ പ്രഭാഷണവും നടത്തി.

പ്രിൻസിപ്പൽ ഡോ. സിന്ധ്യ കാതറിൻ മൈക്കിൾ, ജനറൽ കൺവീനർ ഡോ.എസ്. സജു എന്നിവർ പ്രസംഗിച്ചു.കോളജിലെ മുൻ മാനേജർമാർ, മുൻ പ്രിൻസിപ്പൽമാർ, മുൻ അധ്യാപകർ, പൂർവ വിദ്യാർഥികൾ, രക്ഷകർത്താക്കൾ തുടങ്ങിയവരും സംബന്ധിച്ചു.

# ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ മികച്ച പ്രകടനവുമായി കുസാറ്റ്

**കൊച്ചി:** ആഗോള ഉന്നത വിദ്യാഭ്യാസ അനലിസ്റ്റായ ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ് (സുസ്ഥിരത)2024 ന്റെ ഫലം പുറത്ത് വന്നപ്പോൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ലോകത്തിലെ മികച്ച 1000 സർവകലാശാലകളുടെ പട്ടികയിൽ ഇടം പിടിച്ചു. ആഗോള തലത്തിൽ 921940 സ്ഥാനത്തുള്ള കുസാറ്റ് ഏഷ്യയിൽ 262ാം റാങ്കും ഇന്ത്യയിൽ 29ാം റാങ്കും നേടി. നിരവധി ഉപവിഭാഗങ്ങളിലും കുസാറ്റിന് മികച്ച റാങ്കുകൾ കരസ്ഥമാക്കാൻ സാധിച്ചു. ഭരണ വിഭാഗത്തിൽ ലോക റാങ്കിൽ 333ാം സ്ഥാനത്തും ഇന്ത്യയിൽ 9ാം സ്ഥാനത്തും പരിസ്ഥിതി ആഘാത വിഭാഗത്തിൽ ലോകത്ത് 640ാം സ്ഥാനത്തും ഇന്ത്യയിൽ 27ാം സ്ഥാനത്തുമാണ് കുസാറ്റ്. പാരിസ്ഥിതിക, സാമൂഹിക, ഭരണ (ഇഎസ്ജി)വെല്ലുവിളികളെ നേരിടാനുള്ള ഒരു സ്ഥാപനത്തിന്റെ കഴിവ് അളക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റാങ്കിങ്. സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരതയിൽ മുൻപന്തിയിൽ നിൽക്കുന്ന ലോകത്തെ പ്രമുഖ സർവകലാശാലളുള്ള ഇന്ത്യൻ സംസ്ഥാനങ്ങളുടെ എണ്ണത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്.

സർക്കാരുകൾക്കും കോർപ്പറേഷനുകൾക്കും സാമൂഹിക പാരിസ്ഥിതിക സുസ്ഥിരത (ഇഎസ്ജി) ഒരു പ്രധാന അജണ്ടയായി മാറുന്ന സാഹചര്യത്തിൽ കുസാറ്റിന്റെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഇഎസ്ജിയുടെ നയം, തന്ത്രം, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണത്തിന് മുൻകൈ എടുക്കാൻ സർവകലാശാലയ്ക്ക് സാധിക്കും. ഇതിന്റെ ഭാഗമായി കുസാറ്റ് ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡുമായി ചേർന്ന്ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സ്റ്റഡീസ് (ജിസിസിഎസ്എസ്) എന്ന കേന്ദ്രം ആരംഭിക്കാൻ തീരുമാനമായി. ഗവേഷണം, അക്കാദമിക്, കൺസൾട്ടിംഗ്, കപ്പാസിറ്റി ബിൽഡിംഗ്, ഇന്നൊവേഷൻ, സർട്ടിഫിക്കേഷനുകൾ എന്നിങ്ങനെ ആറ് ശ്രദ്ധാകേന്ദ്രങ്ങൾ അടങ്ങുന്നതാണ് ഈ എക്സലൻസ് ഇൻ സസ്റ്റൈനബിലിറ്റി സെന്റർ.

ഈ വർഷം പുതിയ ഉയരങ്ങൾ കീഴടക്കിയ കുസാറ്റിന്, ഇന്ത്യൻ സർവകലാശാലകളുടെ പട്ടികയിൽ ഉയർന്ന റാങ്കുകൾ ലഭിച്ചിട്ടുണ്ട്. എൻഐആർഎഫ് റാങ്കിങ്ങിൽ 37, ഇന്ത്യാ ടുഡേ ഗ്രൂപ്പ് റാങ്കിങ്ങിൽ 11, ദി വീക്ക് റാങ്കിങ്ങിൽ 24 എന്നീ നേട്ടങ്ങൾ കുസാറ്റിന് കരസ്ഥമാക്കാനായി.

# ഗോദ്റെജ് ഫാബ് അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ കൺസ്യൂമർ ഉൽപ്പന്ന കമ്പനിയായ ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് പുതിയ ലിക്വിഡ് ഡിറ്റർജൻറായ ഗോദ്റെജ് ഫാബ് അവതരിപ്പിച്ചു. ദക്ഷിണേന്ത്യയിൽ ആദ്യം അവതരിപ്പിച്ച ഗോദ്റെജ് ഫാബിൻറെ ഒരു ലിറ്റർ ബോട്ടിലിനു വെറും 99 രൂപ മാത്രമാണ് വില. വിപണിയിൽ ലഭ്യമായിട്ടുള്ള മറ്റ് ലിക്വിഡ് ഡിറ്റർജൻറുകളെ അപേക്ഷിച്ച് മികച്ച നിലവാരത്തിൽ പകുതി വിലയ്ക്കു ലഭ്യമാകുന്നു. കൂടാതെ 10 രൂപയ്ക്ക് 100 എംഎല്ലിൻറെ പാക്കറ്റും ലഭ്യമാണ്. കൈകൊണ്ട് അലക്കുന്നവർക്കും വാഷിങ് മെഷിൻ ഉപയോഗിക്കുന്നവർക്കും ഇത് ഉപയോഗിക്കാം.




# ഡിപ്ലോമ ഇൻ ആയുർവേദിക് പഞ്ചകർമ്മ

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് 5 ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

ഡിസംബർ 19 മുതൽ 23 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി 5 വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് മാർക്കറ്റിംഗ് സ്ട്രാറ്റജീസ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, ജിഎസ് ടി ആന്റ് ടാക്സേഷൻ, ഓപ്പറേഷണൽ എക്സലൻസ്, സെയിൽസ് പ്രോസസ് ആന്റ് ടീം മാനേജ്മെന്റ് വിഷയങ്ങളാണ് പരിശീലനത്തിൽ. 3,540 രൂപ ആണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് 5 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1,000 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിന്റെ വെബ് സൈറ്റ് ആയ ०००.സശലറ.കിളീ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/2550322/7012376994



# ബ്രഹ്മപുരത്തെ സിബിജി പ്ലാൻറ്; നിർമാണം ഫെബ്രുവരിയിൽ

**കൊച്ചി:** ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോ ഗ്യാസ് (സിബിജി) പ്ലാൻറ് സ്ഥാപിക്കാൻ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) ബോർഡ് അനുമതി നൽകി. ജനുവരി ആദ്യം തന്നെ ടെൻഡർ ക്ഷണിക്കും. ഫെബ്രുവരിയോടെ നിർമാണം ആരംഭിക്കാനാണ് ലക്ഷ്യം. ഒരു വർഷത്തിനുള്ളിൽ നിർമാണം പൂർത്തീകരിച്ച് മാലിന്യ സംസ്കരണം ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷയെന്ന് മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു.

പ്ലാൻറ് നിർമാണത്തിനുള്ള ബിപിസിഎല്ലിൻറെ നിർദേശത്തിന് നവകേരള സദസ് പര്യടനത്തിനിടെ തലശേരിയിൽ ചേർന്ന മന്ത്രിസഭാ യോഗം അനുമതി നൽകിയിരുന്നു. പൂർണമായും ബിപിസിഎല്ലിൻറെ ചെലവിൽ 150 കോടി മുടക്കി പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാൻറാണ് സ്ഥാപിക്കുന്നത്. കൊച്ചി കോർപറേഷൻറെ കൈവശമുള്ള ബ്രഹ്മപുരത്തെ 10 ഏക്കർ സ്ഥലം പദ്ധതിക്കായി ബിപിസിഎല്ലിന് കൈമാറും. ബിപിസിഎല്ലിനോടു ചേർന്നുള്ള ഭൂമിയാണ് കൈമാറുക.

പ്ലാൻറിൽ നിന്നും ഉത്പാദിപ്പിക്കുന്ന സിബിജി ബിപിസിഎല്ലിൻറെ പെട്രോളിയം സംസ്കരണ പ്ലാൻറുകളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കും. ജൈവവളം കർഷകർക്ക് നൽകും. അജൈവമാലിന്യം ക്ലീൻ കേരള കമ്പനി ഏറ്റെടുക്കും. സംസ്കരണത്തിൻറെ ഭാഗമായി ഉണ്ടാകുന്ന മലിനജലം സംസ്കരിച്ച് ശുദ്ധജലമാക്കും. കൊച്ചി കോർപറേഷനു പുറമെ സമീപ തദ്ദേശ സ്ഥാപനങ്ങൾക്കും മാലിന്യം സംസ്കരിക്കാൻ പ്ലാൻറ് സഹായകമാകും.

ബ്രഹ്മപുരത്തെ തീ പിടിത്തത്തെ തുടർന്ന് മാലിന്യ സംസ്കരണം നിലച്ച സാഹചര്യത്തിൽ ശാശ്വത പരിഹാരത്തിനായി 60 കോടി ചെലവിൽ മാലിന്യത്തിൽ നിന്ന് വളം ഉണ്ടാക്കുന്ന പ്ലാൻറ് എന്ന ആശയമായിരുന്നു ആദ്യം കോർപറേഷനുണ്ടായിരുന്നത്. ഇതിൽ 25 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ട് സമീപിച്ചപ്പോഴാണ് സിബിജി പ്ലാൻറ് എന്ന ആശയം ബിപിസിഎൽ മുന്നിൽ വച്ചത്. തുടർന്ന് ബിപിസിഎല്ലിൻറെ പ്രപ്പോസൽ കോർപറേഷൻ കൗൺസിൽ യോഗം കഴിഞ്ഞ മാസം അംഗീകരിച്ചു.

150 ടണ്ണാണ് കണക്കാക്കുന്നതെങ്കിലും അതിൽ കൂടുതൽ മാലിന്യം സംസ്കരിക്കാൻ ശേഷി പ്ലാൻറിനുണ്ടാകും. പ്രതിദിനം 150 ടൺ മാലിന്യം കൊച്ചി കോർപറേഷൻ പരിധിയിൽ നിന്ന് ലഭ്യമാക്കാൻ കഴിയാതെ വന്നാൽ സമീപ മുനിസിപ്പാലിറ്റികളിൽ നിന്നുള്ള മാലിന്യം കൂടി ബ്രഹ്മപുരത്തേക്ക് എത്തിക്കും. ഇതിനുള്ള തീരുമാനവും കഴിഞ്ഞ കൗൺസിലിൽ കൈക്കൊണ്ടിരുന്നു.



കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റിയുടെ വാർഷിക സമ്മേളനം കേരള ഗൈനക്കോളജി അസോസിയേഷൻ പ്രസിഡന്റ് ഡോ. അശ്വത് കുമാർ ഉദ്ഘാടനം ചെയ്യുന്നു.ഡോ.എ.പാർവ്വതി , ഡോ.ആർ.രശ്മി, ഡോ. എം.വേണുഗോപാൽ, ഡോ. ഫെസി ലൂയിസ്, ഡോ.ഗ്രേസി തോമസ്, ഡോ.രാധാമണി തുടങ്ങിയവർ സമീപം.

## ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റിയുടെ വാർഷിക സമ്മേളനം സമാപിച്ചു

**കൊച്ചി :** കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റിയുടെ വാർഷിക സമ്മേളനം സമാപിച്ചു. കൊച്ചി ഗൈനക്കോളജി സൊസൈറ്റി പ്രസിഡന്റ് ഡോക്ടർ ഗ്രേസി തോമസ് അധ്യക്ഷത വഹിച്ച യോഗം കേരള ഗൈനക്കോളജി അസോസിയേഷൻ പ്രസിഡന്റ് ഡോക്ടർ അശ്വത് കുമാർ ഉദ്ഘാടനം ചെയ്തു.

സിസേറിയൻ ശസ്ത്രക്രിയയിൽ അവിചാരിതമായി ഉണ്ടാകാൻ സാധ്യതയുള്ള അപകട സാധ്യതകളും പരിഹാര മാർഗങ്ങളും, ആർത്തവവിരാമം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും, വിവിധങ്ങളായ സ്ത്രീ രോഗങ്ങൾ പരിഹരിക്കുന്നതിന ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയയുടെയും അത്യാധുനിക റോബോട്ടിക് ശസ്ത്രക്രിയയുടെയും സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദർ ക്ലാസുകൾ നയിച്ചു.150ൽപരം ഗൈനക്കോളജിസ്റ്റുകൾ പങ്കെടുത്ത ചടങ്ങിൽ സെക്രട്ടറി ഡോ. ഫെസി ലൂയിസ്, സയന്റിഫിക് ചെയർ ഡോ.രാധാമണി, ഡോ. ആർ.രശ്മി, ഡോ. എം. വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു.

## ഡയാലിസിസ് ടെക്നിഷ്യൻ

**കൊച്ചി :**എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന ഡയാലിസിസ് ടെക്നിഷ്യൻ തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നതിന് ഡിസംബർ 20 നു രാവിലെ 11 ന് വാക് ഇൻ ഇന്റർവ്യൂ നടത്തും. ഡയാലിസിസ് ടെക്നിഷ്യൻ കോഴ്സിൽ ബിരുദം/ഡിപ്ലോമയുള്ളവർക്ക് പങ്കെടുക്കാം. ഫാർമസി കൗൺസിൽ രജിസ്ട്രേഷനും വേണം. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ് ബയോഡേറ്റ എന്നിവ സഹിതം സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484 2386000.

# കൊളവള്ളി ടൂറിസം പാർക്കിന് ഡിടിപിസി നടപടികളാരംഭിച്ചു

**പുൽപള്ളി :** കബനിയും കടുവ സങ്കേതങ്ങളും അതിർത്തി പങ്കിടുന്ന കൊളവള്ളിയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി തയാറാക്കുമെന്നു ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ . മുള്ളൻകൊല്ലി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കബനി പുഴയോരത്തുള്ള 35 ഏക്കറിൽ ഇതിനുള്ള പദ്ധതികൾ തയാറാക്കും. വർഷങ്ങളായി ഉപയോഗപ്പെടുത്താത്ത ഈ സ്ഥലം ഇപ്പോൾ കാടുമൂടി സാമൂഹികവിരുദ്ധരുടെ താവളമാണ്. ടൂറിസം വികസനത്തിന് ഇവിടെ അനന്ത സാധ്യതകളുണ്ടെന്നു സ്ഥലം സന്ദർശിച്ച ഡിടിപിസി സംഘം വിലയിരുത്തി. പരിസ്ഥിതി സൗഹൃദ പദ്ധതികളാണ് ഇവിടെ അഭികാമ്യം. പ്രദേശവാസികൾക്കും ഗോത്ര സമൂഹത്തിനും ഇതുവഴി ജീവിത പുരോഗതി കൈവരിക്കാനാവും.

കബനിയിൽ ജലസവാരി, വയോജനങ്ങൾക്കും കുട്ടികൾക്കും പാർക്കുകൾ , കളിസ്ഥലങ്ങൾ, ഗ്രാമീണ ഭക്ഷണ സ്റ്റാളുകൾ, മീൻപിടിത്തം എന്നിവയെല്ലാം നടത്താനാവും. ദേശാടന പക്ഷികളുടെയും വന്യമൃഗങ്ങളുടെയും സാന്നിധ്യവും ഇവിടെയുണ്ട്. നിരീക്ഷണ ഗോപുരം നിർമിച്ചാൽ വനത്തിന്റെയും കബനിപ്പുഴയുടെയും കാഴ്ചകൾ ആസ്വദിക്കാം. സഞ്ചാരികൾക്ക് താമസിക്കാനുള്ള കോട്ടജുകൾ, ഡോർമിറ്ററി, പഠന ക്യാംപുകൾ എന്നിവയ്ക്കും ഉചിതമായ സ്ഥലമാണിത്. വിശാലമായ പാർക്കിങ്, വീതിയുള്ള റോഡ്, പൂന്തോട്ടം, ഹെർബൽ പാർക്ക്, ശലഭ പാർക്ക് എന്നിവയ്ക്കും യോജ്യമായ ഈ സ്ഥലം ഉപയോഗപ്പെടുത്തണമെന്ന് ഏറെക്കാലമായി ജനങ്ങൾ ആവശ്യപ്പെടുന്നു . ഗ്രാമസഭകളിൽ പലവട്ടം നാട്ടുകാർ ഈ വിഷയം ചർച്ച ചെയ്തിരുന്നു. മുഖ്യമന്ത്രിക്കും ടൂറിസം മന്ത്രിക്കും നിവേദനം നൽകി. സഞ്ചാര കേന്ദ്രങ്ങളെയെല്ലാം മറികടക്കാനാവുന്ന കേന്ദ്രമാക്കി കൊളവള്ളിയെ മാറ്റാനാവും. ആദ്യ പടിയെന്ന നിലയിൽ സ്ഥലത്തെ കാട് വെട്ടിത്തെളിച്ച് സർവേ നടത്താൻ തീരുമാനിച്ചു. ഡിടിപിസി സെക്രട്ടറി കെ.ജി അജേഷ്, മാനേജർ പി.പി. പ്രവീൺ, നിർവാഹക സമിതി അംഗം പി.വി.സഹദേവൻ, വി.ജെ.ഷിജു, ബൈജു തോമസ്, പഞ്ചായത്ത് പ്രസിഡന്റ് പി.കെ.വിജയൻ, സ്ഥിരം സമിതി ചെയർമാൻ ഷിനു കച്ചിറയിൽ, ടി.കെ. ശിവൻ എന്നിവരടങ്ങിയ സംഘമാണ് കൊളവള്ളിയിലെ വിനോദ സഞ്ചാര സാധ്യതകൾ വിലയിരുത്തിയത്.






സ്റ്റാർട്ടപ്പായ ജൂനിയർ ഡെക് 25 ന്റെ ഒന്നാംഘട്ട ഉദ്ഘാടനം അനു സിത്താര നിർവഹിക്കുന്നു. ആർ.എസ് റജീന, ഡോ. കിരൺ നായർ, മരിയം സെൽവ, ഡോ. മീര, ഡോ. ജ്യോതി, അജീഷ് രവീന്ദ്രൻ,ഡോ. അനിൽ ബാലചന്ദ്രൻ, എ.ടി അൻവർ, പ്രസന്ന രാജീവ് എന്നിവർ സമീപം.

# ജൂനിയർ ഡെക് 25 സ്റ്റാർട്ടപ്പ് ആദ്യഘട്ട ഉദ്ഘാടനം നടന്നു

**കൊച്ചി:** ടെക്നോപാർക്കിലെ ഏർലി ചൈൽഡ്ഹുഡ് എഡ്യൂക്കേഷൻ റിസേർച്ച് സ്റ്റാർട്ടപ്പായ ജൂനിയർ ഡെക് 25 ന്റെ ഒന്നാംഘട്ട ഉദ്ഘാടനം കൊച്ചിയിൽ നടന്നു. ചലച്ചിത്ര താരം അനു സിത്താര, രാജ്യാന്തര ബിസിനസ് കോച്ച് ഡോ. അനിൽ ബാലചന്ദ്രൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. ജൂനിയർ ഡെക് ഗ്ലോബൽ ഉദ്ഘാടനം ഡിസംബർ 25 ന് ദുബായിൽ നടക്കുമെന്ന് ജൂനിയർ ടെക് 25 സി ഇ ഒ അജീഷ് രവീന്ദ്രൻ പറഞ്ഞു. രണ്ടായിരത്തിലേറെ രക്ഷിതാക്കൾ ജൂനിയർ ഡെക്കിന്റെ ഭാഗമായി കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ കേരളത്തിലാകെ അൻപതിലേറെ ഫ്രാഞ്ചൈസികൾ ആരംഭിച്ചു കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. ഡോക്റ്റർമാരടക്കമുള്ളവർ ഡെക് ക്ലബിന്റെ ഭാഗമായുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂട്ടുകുടുംബം ഇല്ലാതായതോടെ കുട്ടികൾക്ക് വേണ്ടത്ര കിട്ടുന്നുണ്ടോ എന്നതിൽ സംശയമുണ്ടെന്ന് അനു സിത്താര പറഞ്ഞു. മറ്റുള്ളവർ എന്ത് കരുതും എന്ന ചിന്തയാണ് നമ്മളെ നശിപ്പിക്കുന്നതെന്ന് രാജ്യാന്തര ബിസിനസ് കോച്ച് ഡോ. അനിൽ ബാലചന്ദ്രൻ പറഞ്ഞു.

അഞ്ജന അനീഷ്, ഡോ.ജ്യോതി, ഡോ.മീര, ഡോ. കിരൺ നായർ, പ്രസന്ന രാജീവ്, മരിയം സെൽവ, ആർ.എസ് റജീന, എസ്പാനിയോ ഈവന്റ്സ് സിഇഒ എ.ടി അൻവർ എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

പ്രഗത്ഭരായ ഡോക്ടർമാർ, ചൈൽഡ് എക്സ്പെർട്ടുകൾ എന്നിവർ നേതൃത്വം നൽകിയ സൂപ്പർ പേരന്റിംഗ് ശില്പശാലയും നടന്നു. ഏർലി ചൈൽഡ്ഹുഡ് എജ്യുക്കേഷന്റെ പ്രാധാന്യം, ഡെവലപ്മെന്റ് മൈൽസ്റ്റോൺസ് ആൻഡ് പ്രോസെസസ്, കുട്ടികളുടെ ചെറുപ്രായത്തിൽ ന്യുട്രിഷ്യന്റെ റോൾ, പേരന്റിംഗ് ആൻഡ് ബിഹേവിയറൽ മാനേജ്മന്റ്, കളിപ്പാട്ടങ്ങളും അവയുടെപ്രാധാന്യവും തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ഡോക്ടർമാരും വിദഗ്ധരും അടങ്ങിയ സമിതി ക്ലാസ്സുകൾ നയിച്ചു. ഒരു വയസ്സ് മുതൽ ആറു വയസ്സ് വരെയുള്ള കുട്ടികളുടെ പ്രാഥമിക ബാല്യകാല വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ പരിശീലന പരിപാടിയാണ് ജൂനിയർ ഡെക്25 വാഗ്ദാനം ചെയ്യുന്നത്.

എ.ഐ. റോബോട്ട് ഡെവലപ്പ് ചെയ്ത ഒൻപതാം ക്ലാസ് വിദ്യാർത്ഥികളായ രാഹുൽ ജോൺ അജു, സൈദ് ഹസൻ സൈഫി എന്നിവരെ ജൂനിയർ ഡെക് 25ന്റെ ഈ വർഷത്തെ യങ് എ.ഐ ജീനിയസ് അവാർഡ്നൽകി ആദരിച്ചു.

ഇന്റർനാഷണൽ ബുക്ക് ഓഫ് റെക്കോർഡ് ലഭിച്ച ഇമയ് മിഥുൻ, പല്ലവി കൃഷ്ണ, ഏറ്റവും പ്രായം കുറഞ്ഞ മലയാള ആങ്കർ ഹെസ്സ മെഹക് എന്നീ കുട്ടികളെയും ചടങ്ങിൽ അവാർഡ് നൽകി ആദരിച്ചു.

## കേരള സമൂഹത്തിന് ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനകൾ ; ചർച്ചാ സമ്മേളനം സമാപിച്ചു

**കൊച്ചി:** കേരള സമൂഹത്തിന് ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനകൾ എന്ന വിഷയത്തിൽ എറണാകുളം വൈ എം സി ഏ പാലാരിവട്ടം ബ്രാഞ്ചിൽ ചർച്ചാ സമ്മേളനം സംഘടിപ്പിച്ചു

എറണാകുളം വൈ എം സി ഏ പ്രസിഡന്റ് ഷോൺ ജെഫ് ക്രിസ്റ്റഫറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കെ സി ബി സി ഡപ്യൂട്ടി സെക്രട്ടറി ഫാ ജേക്കബ് ജി പാലക്കാപ്പള്ളി ഉൽഘാടനം ചെയ്തു

ക്രിസ്ത്യൻ മിഷനറിമാരുടെ സംഭാവനകൾ ഇന്ന് തമസ്കരിക്കപ്പെടുകയാണ് ,വിദ്യാഭ്യാസ, ആരോഗ്യ ,അച്ചടി മേഖലകളിൽ അവർ നൽകിയ സംഭവനകൾ വളരെ ശ്രേഷ്ഠകരമാണെന്ന് ഉൽഘാടന പ്രസംഗത്തിൽ ഫാ ജേക്കബ് ജി പാലക്കാപ്പള്ളി ചൂണ്ടിക്കാട്ടി തനിക്ക് വിദ്യാഭ്യാസം ലഭിച്ചത് ക്രൈസ്തവ മാനേജ്മെൻറുകൾ നടത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നാണ് എന്ന് പറയുന്നതിൽ താൻ അഭിമാനം കൊള്ളുന്നു എന്ന് അഡ്വ ഏ ജയശങ്കർ മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു

പ്രമുഖ സാമൂഹിക നിരീക്ഷകൻ ഏ ജയശങ്കർ മുഖ്യ പ്രഭാഷണം നടത്തി കേരള ബൈബിൾ കോളേജ് ഡയറക്ടർ വിനോജ് മാത്യു ,വൈ എം സി ഏ പ്രോഗ്രാം കമ്മറ്റി കൺവീനർ കുരുവിള മാത്യൂസ് ,അസോസിയേറ്റ് ജനറൽ സെക്രട്ടറി സജി ഏബ്ഹാം ഹാം എന്നിവർ പ്രസംഗിച്ചു



## ഒമാനിൽ പ്രവർത്തനം വിപുലീകരിക്കാൻ ലുലു ഗ്രൂപ്പ്

**ദൽഹി:** മിഡിൽ ഈസ്റ്റിലെ പ്രമുഖ റീട്ടെയിലറായ ലുലു ഗ്രൂപ്പ് ഒമാനിലെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കും. ഒമാൻ ഭരണാധികാരിയായതിനുശേഷം ആദ്യമായി ഇന്ത്യയിലെത്തിയ സുൽത്താൻ ഹൈതം ബിൻ താരിഖുമായി ദൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി ഇതറിയിച്ചത്.

ദൽഹി ലീല പാലസിൽ വെച്ച് നടന്ന കൂടിക്കാഴ്ചയിൽ ലുലു ഗ്രൂപ്പിന്റെ ഒമാനിലെ പ്രവർത്തനങ്ങലെപ്പറ്റി യൂസഫലി ഒമാൻ സുൽത്താന് വിവരിച്ചു കൊടുത്തു. നിലവിൽ 36 ഹൈപ്പർ മാർക്കറ്റുകളും ഷോപ്പിംഗ് മാളുകളുമാണ് ഒമാനിലെ വിവിധ ഗവർണർറേറ്റുകളിൽ ഉള്ളത്. സീനിയർ മാനേജ്മെന്റ് ഉൾപ്പെടെ 3,500 ലധികം ഒമാൻ പൗരന്മാരാണ് ലുലു ഗ്രൂപ്പ് ഒമാനിൽ ജോലി ചെയ്യുന്നത്.

ലുലു ഗ്രൂപ്പിന് ഒമാൻ ഭരണകൂടം നൽകിവരുന്ന എല്ലാ പിന്തുണയ്ക്കും സഹകരണത്തിനും യൂസഫലി ഒമാൻ സുൽത്താനെ നന്ദി അറിയിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു ഒമാൻ സുൽത്താന്റെ ബഹുമാനാർത്ഥം രാഷ്ട്രപതി ഭവനിൽ ഒരുക്കിയ അത്താഴ വിരുന്നിലും യൂസഫലി സംബന്ധിച്ചു.

